# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

30.07.2015 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5863

## തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ബ്രാഞ്ചുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി. സത്യൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് തിരുവനന്തപുരം ജില്ലയിൽ പുതിയതായി എവിടെയെല്ലാമാണ് ബ്രാഞ്ചുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും അവ എന്നുമുതൽ പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് വട്ടപ്പാറ, പേരൂർക്കട, മെഡിക്കൽ കോളേജ്, കടപ്പനക്കുന്ന്, കമുകിൻകോട്, അരുവിക്കര, തമ്പാനൂർ (വനിതാ ശാഖ), കണിയാപുരം, പുളിമൂട്, കാഞ്ഞിരംകുളം (ഈവനിംഗ്), നഗരൂർ എന്നിവിടങ്ങളിൽ ശാഖ തുടങ്ങുന്നതിന് തീരുമാനം എടുത്ത് അനുവാദത്തിനായി അപേക്ഷിച്ചിട്ടുണ്ട്. അനുവാദം നൽകിയ ശാഖകളായ ജഗതി രണ്ട് മാസത്തിനകവും, ഒറ്റശേഖരമംഗലം, കുന്നത്തുകാൽ, ആലംകോട് എന്നീ ശാഖകൾ 5 മാസത്തിനകവും ആരംഭിക്കുമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. |
| (ബി) നഗരൂർ, പോങ്ങനാട് ടൗണുകളിൽ ജില്ല സഹകരണ ബാങ്കിന്റെ ശാഖ തുടങ്ങുവാൻ നടപടി സ്വീകരിക്കാമോ? | (ബി) നഗരൂർ ശാഖ ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി ബാങ്ക് അപേക്ഷ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. പോങ്ങനാട് ടൗണിൽ ശാഖ ആരംഭിക്കുന്നതിന് ബാങ്ക് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ